## ഉള്ളടക്കം


എഡിറ്റോറിയൽ 3

1. ക്രിസ്തീയരക്ഷാശാസ്ത്രം: പൗരസ്ത്യ ഓർത്തഡോക്സ് വീക്ഷണം 6
2. ധൂപാർപ്പണം എന്ന യാഗം വിശുദ്ധ വേദപുസ്തകത്തിലൂടെ 17
3. കൈമുത്തിനെക്കുറിച്ച് 22
4. ഭാരത സംസ്കാരത്തിലെ സംഖ്യാവിചാരം 28
5. ക്രിസ്തുകേന്ദ്രീകൃതമല്ലാത്ത, വ്യാജ ആത്മീയത തിരുത്തപ്പെടേണ്ടതല്ലേ? 33
6. പരസ്പര സ്നേഹത്തിന്റെ കാൽകഴുകൽ ശുശ്രൂഷ 41
7. സ്വവർഗ്ഗവിവാഹ നിയമസാധുതയും അജപാലനവെല്ലുവിളികളും 56
8. ബേഥസ്ദാകുളത്തിലെ സ്നാനവും സൗഖ്യവും 66
9. അപ്പം 69
10. കതിർമണികളിലെ ആദ്ധ്യാത്മികത 73
11. ആദരാഞ്ജലികൾ 77
12. റിപ്പോർട്ട് 78


എഡിറ്റോറിയൽ

## വൈദികരുടെ തുടർപരിശീലനം

നമ്മുടെ നാടിന്റെ സാമൂഹിക-സാംസ്കാരിക പരിതോവസ്ഥ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണല്ലോ. നാലഞ്ച് വർഷം സ്വന്തം നാട്ടിൽ നിന്ന് മാറിത്താമസിച്ചിട്ട് തിരിച്ചുവരുന്ന ഒരാൾക്ക് സ്വന്തം വീട്ടിലേക്കുള്ള വഴിപോലും തിരിച്ചറിയാൻ ബുദ്ധിമുട്ടാകും വിധമാണ് നാടിന്റെ 'ലാൻഡ്സ്ക്കേപ്പ്' മാറുന്നത്. ധാരാളം പുതിയ വീടുകളും ഫ്ളാറ്റ് സമുച്ചയങ്ങളും കോംപ്ലക്സുകളും സൂപ്പർ മാർക്കറ്റും കൊച്ചു പട്ടണങ്ങളെ പൂർണ്ണമായും മാറ്റിമറിയ്ക്കുന്നു. ഗ്രാമങ്ങളിൽ, കുന്നുകളും പാടങ്ങളും അപ്രത്യക്ഷമാകുന്നു. അവിടെയെല്ലാം പുതിയ കെട്ടിടങ്ങൾ ഉയരുന്നു. വാഹനബാഹുല്യം നിമിത്തം ഗതാഗത സ്തംഭനം അനുദിനാനുഭവമായി മാറുന്നു. വർഷങ്ങളിൽ സംഭവിച്ചതാണ് ഇവയിൽ മിക്കതും.

ഭൗതികതലത്തിൽ നടക്കുന്ന ഈ ലാൻഡ്സ്ക്കേപ്പ് മാറ്റം, മനുഷ്യരുടെ മാനസിക തലത്തിൽ വരുത്തുന്ന മാറ്റം ശ്രദ്ധേയമാണ്. മൊബൈൽ ഫോണും ഇന്റർനെറ്റും വായുവും വെള്ളവും പോലെ നമുക്ക് അനുപേക്ഷണീയമായിക്കഴിഞ്ഞിരിക്കുന്നു. ഇവയുടെ വൻ പ്രയോജനം ഒരു വശത്ത്. ദുരുപയോഗം മറുവശത്ത്. കൗമാരപ്രായം മുതലുള്ള യുവജനങ്ങളാണ് പുതിയ സാങ്കേതികവിദ്യയുടെ വശ്യമായ ഇരുണ്ടവശങ്ങൾ തേടുന്നവരിൽ കൂടുതലും. മദ്യലഹരിയും വഴിവിട്ട ലൈംഗികതയും ദ്രവ്യമോഹവും അക്രമവും ആത്മഹത്യയുമെല്ലാം ഇക്കൂടെയുണ്ട്. നല്ല കഴിവുള്ള ഒന്നാംതരം ചെറുപ്പക്കാർ മയക്കുമരുന്ന് മാഫിയകളിലും ക്വട്ടേഷൻ സംഘങ്ങളിലും പെട്ടുപോകുന്നു. കുടുംബബന്ധങ്ങൾ തകരുന്നു. ഒരുകാലത്ത് നാം പാശ്ചാത്യരുടെ ധാർമ്മികാധപ്പതനത്തെ കുറ്റപ്പെടുത്താൻ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം ഇവിടെ നമ്മുടെ കണ്ണിനു മുൻപിൽ സംഭവിക്കുന്നു.

ഇക്കാര്യങ്ങൾ ഇവിടെ ആവർത്തിച്ചു പറയുന്നത്, സഭയുടെ ഇടയ ശുശ്രൂഷ (pastoral ministry) നേരിടുന്ന വൻ വെല്ലുവിളികളെ സൂചിപ്പിക്കാനാണ്.

സെമിനാരി പഠനം കഴിഞ്ഞ് സഭാ ശുശ്രൂഷയിലേക്ക് പ്രവേശിക്കുന്ന ചെറുപ്പക്കാരായ മിക്ക വൈദികരെക്കുറിച്ചും ജനങ്ങൾക്ക് നല്ലത് പറയാനുണ്ട്. അവരുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളും ഇടവകജനങ്ങളോടുള്ള പ്രതിബദ്ധതയും പ്രസംഗപാടവവും എല്ലാം ജനങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നമുക്കഭിമാനിക്കാം.

അതേസമയം തന്നെ വൈദിക ശുശ്രൂഷയുടെ പ്രമുഖ ധർമ്മമായ ഇടയ പരിപാലനം (pastoral care) നന്നായി നടത്തുവാൻ അവർക്ക് ലഭിക്കുന്ന പരിശീലനം സെമിനാരി പഠനം കൊണ്ട് അവസാനിക്കുന്നില്ല എന്നു നാമോർക്കണം. മാറിമാറി വരുന്ന സാഹചര്യങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കുന്നതിനും ജനങ്ങളുടെ ആത്മീയ ദിഷ്ടതികൾ വിവേചിച്ചറിയുന്നതിനും അവർക്ക് തുടർപരിശീലനം ആവശ്യമാണ്. അദ്ധ്യാപനം, വൈദ്യം, നിയമം, എഞ്ചിനിയറിംഗ്, മറ്റ് ശാസ്ത്രസാങ്കേതിക വിദ്യകൾ തുടങ്ങിയ എല്ലാ പ്രൊഫഷണൽ രംഗങ്ങളിലും തുടർവിദ്യാഭ്യാസം (Continuing Education) നല്കാൻ അതത് മണ്ഡലങ്ങളിൽ നേതൃത്വം കൊടുക്കുന്നവർ ഉൽസാഹിക്കുന്നുണ്ട്.

തുടർ പരിശീലനത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ്, നമ്മുടെ സെമിനാരിയിൽ Orthodox Pastoral Education Network (OPEN) എന്ന പദ്ധതി ആരംഭിച്ചത്. സെമിനാരി പൂർവ്വവിദ്യാർത്ഥി അസോസിയേഷൻ, ഓർത്തഡോക്സ് വൈദികസംഘം എന്നിവയുടെ സഹകരണത്തോടെ, വൈദികർക്കായി കൂടെക്കൂടെ പഠന സമ്മേളനങ്ങൾ നടത്താറുണ്ട്. മാനേജ്മെന്റ് മുതൽ പാസ്റ്ററൽ കൗൺസലിംഗ് വരെയുള്ള വിഷയങ്ങളിൽ പുതുതായി ലഭിക്കുന്ന അറിവുകളും ഉൾക്കാഴ്ചകളും പങ്കുവയ്ക്കുന്നതിനും, വൈദികരുടെ കൂട്ടായ്മയിലൂടെ ഇടയപരിപാലനത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനുമാണ് ഇവിടെ ശ്രമിക്കുന്നത്.

ഭദ്രാസന മെത്രാപ്പോലീത്താമാരുടെ പൂർണ്ണ പിന്തുണ ഈ തുടർപരിശീലനത്തിന് ആവശ്യമാണ്. ഓരോ ഭദ്രാസനത്തിൽനിന്നും





മൂന്നോ നാലോ വൈദികരെ തവണ വച്ച് ഔദ്യോഗികമായിത്തന്നെ അയച്ചാൽ, ഇതിനു കൂടുതൽ ഗൗരവം കൈവരും. വൈദികശുശ്രൂഷയുടെ ഭാഗമായി ഈ പദ്ധതിയെ കാണുകയും, മറ്റുചില സഭകളിൽ ചെയ്യുന്നതുപോലെ, ഇതിനു പ്രത്യേകം സ്റ്റാഫും സംവിധാനവും ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്. ഒരു വർഷം കുറഞ്ഞത് 5 പാസ്റ്ററൽ വർക്ക്ഷോപ്പുകൾ നടത്തണം. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ നമ്മുടെ കോട്ടയം വൈദിക സെമിനാരിയിൽ ഇതിനുള്ള സൗകര്യങ്ങളുണ്ട്. കേരളത്തിനു പുറത്തുള്ള ഭദ്രാസനങ്ങളിൽ തദ്ദേശീയമായ സംവിധാനങ്ങൾ ഉണ്ടാക്കാവുന്നതാണ്. ക്രിസ്തീയ സഭയുടെ ഏറ്റവും വലിയ ധർമ്മം, വലിയ ഇടയനായ ക്രിസ്തുവിന്റെ ഇടയ ശുശ്രൂഷയെ പിന്തുടരുകയാണ്. സഭയുടെ ഭരണസംവിധാനവും, വിഭവശേഷികളും, ആരാധനാസംവിധാനവും, കൂദാശകളും എല്ലാം ദൈവജനത്തിന്റെ ക്ഷേമത്തിനും ആത്മീയാഭ്യുന്നതിക്കും വേണ്ടിയാണ് എന്നത് മറന്നുകൂടല്ലോ. ജനങ്ങളെ മറക്കുകയോ അവഗണിക്കുകയോ ചെയ്യുന്ന സഭ ജനങ്ങൾക്കെതിരാണ്. സഭയുടെ ഭരണസമിതികൾ, വൈദികശ്രേണി എന്നിവയുടെ പ്രവർത്തനശൈലിയും മുൻഗണനാ ക്രമങ്ങളും ജനങ്ങൾക്കിടയിൽ പലപ്പോഴും വളരെ അസന്തുഷ്ടി സൃഷ്ടിക്കുന്നുണ്ട് എന്നു നാം തിരിച്ചറിയണം

**(കെ. എം. ജി.)**